REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 06-10-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ കേരള സന്ദർശനവും, ശബരിമല ദർശനവും സംബന്ധിച്ച് ഗവൺമെന്റിന് ഔദ്യോഗിക അറിയിപ്പ് ലഭിച്ചതായി മന്ത്രി VN വാസവൻ.**
- **ശബരിമല സ്വർണ്ണ പാളി വിവാദത്തിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിയമസഭ, നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു.**
- **സ്വർണപ്പാളി വിവാദം അന്വേഷിക്കാൻ ഹൈക്കോടതി അഞ്ചംഗ പ്രത്യേക സംഘത്തെ നിയോഗിച്ചു.**
- **ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പ് തീയതി ഉച്ചകഴിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിക്കും.**
- **വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഇൻഡോറിൽ ന്യൂസിലാന്റ് ദക്ഷിണാഫ്രിക്കയെ നേരിടും.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ കേരള സന്ദർശനവും, ശബരിമല ദർശനവും സംബന്ധിച്ച് ഗവൺമെന്റിന് ഔദ്യോഗിക അറിയിപ്പ് ലഭിച്ചതായി മന്ത്രി VN വാസവൻ തിരുവനന്തപുരത്ത് അറിയിച്ചു.

ഈ മാസം 22-നാണ് രാഷ്ട്രപതി ദ്രൗപതി മുർമു മൂന്ന് ദിവസത്തെ സന്ദർശനത്തിന് കേരളത്തിലെത്തുന്നത്. അന്ന് ഉച്ചയ്ക്ക് നെടുമ്പാശ്ശേരിയിലെത്തുന്ന രാഷ്ട്രപതി, നിലയ്ക്കൽ വഴി ശബരിമല സന്നിധാനത്തെത്തും. പിന്നീട് ദർശനത്തിന് ശേഷം തിരികെ തിരുവനന്തപുരത്തേക്ക് പോകും.

23-ന് രാജ്ഭവനിലെ പരിപാടിയിൽ പങ്കെടുക്കുന്ന രാഷ്ട്രപതി കുമരകത്തേയ്ക്ക് യാത്ര തിരിക്കും. 24-ന് പാലായിൽ പൊതു പരിപാടിയിൽ പങ്കെടുത്ത ശേഷം ദ്രൗപതി മുർമു ഡൽഹിയിലേക്ക് മടങ്ങും.

✪✪✪

ശബരിമലയിലെ സ്വർണപ്പാളി വിവാദം അന്വേഷിക്കാൻ ഹൈക്കോടതി അഞ്ചംഗ പ്രത്യേക സംഘത്തെ നിയോഗിച്ചു. ADGP, H.വെങ്കിടേഷാണ് സംഘത്തിന് നേതൃത്വം നൽകുന്നത്. ഒരു മാസത്തിനകം റിപ്പോർട്ട് നൽകാനാണ് നിർദ്ദേശം.

പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച ഹൈക്കോടതി നിർദ്ദേശം അംഗീകരിക്കുന്നതായി മന്ത്രി V.N.വാസവൻ തിരുവനന്തപുരത്ത് പറഞ്ഞു. കോടതി നിർദ്ദേശിച്ച അന്വേഷണസംഘം വസ്തുത കണ്ടെത്തുമെന്നും, കോടതി ഇടപെടലിൽ സന്തോഷമുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

ശബരിമല സ്വർണ പാളി വിവാദത്തിൽ പ്രതിപക്ഷ ബഹളത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന നിയമസഭ തിടുക്കത്തിൽ നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി M
പള്ളുരുത്തി.......

....(വോയ്സ്).....

✪✪✪

ശബരിമലയിലെ സ്വർണപ്പാളി വിഷയത്തിൽ കോൺഗ്രസ് നേതാവ് തിരുവഞ്ചൂർ രാധാകൃഷ്ണൻ നേരത്തെ തന്നെ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നുവെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ പറഞ്ഞു. വിഷയം കോടതിയിലാണ് എന്നതിന്റെ പേരിൽ പ്രമേയത്തിന് അനുമതി നിഷേധിക്കുകയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

കോൺഗ്രസും UDF ഉം ശബരിമല വിഷയത്തിൽ തുടർ പ്രതിഷേധ നടപടികൾ ഇന്നും നാളെയുമായി തീരുമാനിക്കും. ഇന്നത്തെ KPCC രാഷ്ട്രീയ കാര്യസമിതി യോഗവും, നാളത്തെ UDF യോഗവും വിഷയം ചർച്ച ചെയ്യുമെന്നും സതീശൻ തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സ്വർണപ്പാളി വിഷയത്തിൽ നിയമസഭയിൽ നേരത്തെ നൽകിയ നോട്ടീസ് സ്പീക്കർ തള്ളിയതാണെന്നും, ആ വിഷയത്തിൽ പ്രതിഷേധമുണ്ടെങ്കിൽ മാറ്റം വരുത്തി നോട്ടീസ് നൽകുകയായിരുന്നു വേണ്ടതെന്നും മന്ത്രി MB രാജേഷ് പറഞ്ഞു. ഒരിക്കൽ തള്ളിയ വിഷയം പിന്നീട് എങ്ങനെയാണ് സഭയിൽ അവതരിപ്പിക്കേണ്ടത് എന്ന് അറിയാത്തവരാണോ പ്രതിപക്ഷമെന്നും മന്ത്രി തിരുവനന്തപുരത്ത് ചോദിച്ചു.

മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥയാണ് പ്രതിപക്ഷം ഇന്ന് നിയമസഭയിൽ അവതരിപ്പിച്ചതെന്നും അടിയന്തര പ്രമേയമായോ, സബ്മിഷനായോ നിയമസഭയിൽ ഉന്നയിക്കാൻ പ്രതിപക്ഷം തയ്യാറാകാത്തത് യാഥാർത്ഥ്യം പുറത്തുവരുമെന്ന ഭീതി കൊണ്ടാണെന്നും രാജേഷ് പറഞ്ഞു.

✪✪✪

KPCC രാഷ്ട്രീയ കാര്യസമിതി യോഗം ഉച്ച കഴിഞ്ഞ് തിരുവനന്തപുരത്ത് ചേരും. ശബരിമല സ്വർണപ്പാളി വിവാദം അടക്കം വിഷയങ്ങളിലെ തുടർ പ്രക്ഷോഭം യോഗം ചർച്ച ചെയ്യും. തദ്ദേശ തെരഞ്ഞെടുപ്പ് ഒരുക്കങ്ങളും യോഗം വിലയിരുത്തും. ഇന്ദിരാ ഭവനിലാണ് യോഗം ചേരുന്നത്.

✪✪✪

സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ജൈവ വൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾ നാളെ തിരുവനന്തപുരത്ത് വിതരണം ചെയ്യും. നിയമസഭാ മന്ദിരത്തിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങ് ഉദ്ഘാടനം ചെയ്യും.

കേരള ജൈവ വൈവിദ്ധ്യ പരിപാലന കർമ്മ പദ്ധതി ബോർഡിന്റെ 20 വർഷത്തെ പ്രവർത്തന റിപ്പോർട്ടും ചടങ്ങിൽ ഔദ്യോഗികമായി പ്രകാശനം ചെയ്യും.

✪✪✪

ഇന്ത്യൻ നാവികസേന രണ്ടാമത്തെ അന്തർവാഹിനി വേധ കപ്പൽ ആന്ത്രോത്ത് ഇന്ന് വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യും. വൈസ് അഡ്മിറൽ രാജേഷ് പെൻധാർകർ ചടങ്ങിൽ അധ്യക്ഷനായിരിക്കും. നാവികസേനയുടെ ശേഷി വർദ്ധിപ്പിക്കുന്ന കപ്പൽ തദ്ദേശീയമായി നിർമ്മിച്ചതുകൂടിയാണ്. ആഴം കുറഞ്ഞ കടൽമേഖലയിൽ ഉപയോഗിക്കാവുന്ന യുദ്ധക്കപ്പലാണ് ഇത്.

✪✪✪

എവറസ്റ്റ് കൊടുമുടി കയറുന്നതിനിടെ ഹിമകാറ്റിൽ കുടുങ്ങിയ ആയിരത്തോളം പേരെ രക്ഷിക്കാൻ ശ്രമം തുടരുന്നു. 4,900 മീറ്റർ മുകളിൽ ക്യാമ്പിലാണ് ഇവർ കുടുങ്ങിക്കിടക്കുന്നത്. 350-ഓളം പേരെ ഇതിനകം രക്ഷപ്പെടുത്തി.

✪✪✪

ജയ്പൂർ ആശുപത്രിയിലെ തീപിടുത്തത്തിൽ ആറുപേർക്ക് ജീവഹാനി സംഭവിച്ചതിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദുഃഖവും, വേദനയും അറിയിച്ചു. മരിച്ചവരുടെ ആശ്രിതരെ പ്രധാനമന്ത്രി സമാശ്വസിപ്പിച്ചു.

തീപിടുത്ത ദുരന്തത്തിൽ ആഭ്യന്തരമന്ത്രി അമിത് ഷായും, ആരോഗ്യമന്ത്രി JP നദ്ദയും അനുശോചിച്ചു. രോഗികളുടെ സുരക്ഷ ഉറപ്പാക്കാനും ദുരിത ബാധിതർക്ക് ആവശ്യമായ ചികിത്സയും പരിചരണവും നൽകാനും പ്രാദേശിക ഭരണകൂടം സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ടെന്ന് അവർ ഡൽഹിയിൽ അറിയിച്ചു.

✪✪✪

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പ് തീയതി ഉച്ചകഴിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിക്കും. നിയമസഭയുടെ കാലാവധി നവംബർ 22 നാണ് അവസാനിക്കുന്നത്. 243 അംഗ നിയമസഭയിലേക്കാണ് തിരഞ്ഞെടുപ്പ്.

✪✪✪

മുഴുവൻ പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കും ഭൂമി ലഭ്യമാക്കാൻ ഗവൺമെന്റ് നടപടിയെടുത്തു വരികയാണെന്ന് മന്ത്രി O.R കേളു അറിയിച്ചു. ലാന്റ് ബാങ്കിൽ നിന്നും മിച്ചഭൂമിയിൽ നിന്നും ഇതിനാവശ്യമായ ഭൂമി കണ്ടെത്തുമെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു.

✪✪✪

വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഇൻഡോറിൽ ന്യൂസിലാന്റ് ദക്ഷിണാഫ്രിക്കയുമായി ഏറ്റുമുട്ടും. ഇന്ത്യയുടെ അടുത്ത മത്സരം വ്യാഴാഴ്ച വിശാഖപട്ടണത്ത് ദക്ഷിണാഫ്രിക്കയുമായാണ്.

✪✪✪

IBSA ബ്ലൈൻഡ് ഫുട്ബോൾ വേൾഡ് ചാമ്പ്യൻഷിപ്പ് ഉദ്ഘാടന മത്സരത്തിൽ ബ്രസീൽ, ഇന്ത്യയെ മറുപടിയില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ചു. ചാമ്പ്യൻഷിപ്പ് ഈ മാസം 11 വരെ തുടരും.

✪✪✪

സംസ്ഥാന ചലച്ചിത്ര അവാർഡിന് സമർപ്പിച്ച സിനിമകളുടെ സ്ക്രീനിംഗ് രാവിലെ തിരുവനന്തപുരത്ത് ചലച്ചിത്ര അക്കാദമി ആസ്ഥാനത്ത് ആരംഭിച്ചു. 128 സിനിമകളാണ് അവാർഡിന് പരിഗണിക്കുന്നത്. നടനും സംവിധായകനുമായ പ്രകാശ് രാജാണ് ജൂറി അധ്യക്ഷൻ.

✪✪✪

തൃശൂർ പാലിയേക്കര ടോൾ പ്ലാസയിലെ ടോൾപിരിവ് നിരോധനം വെള്ളിയാഴ്ച വരെ തുടരാൻ ഹൈക്കോടതി ഉത്തരവിട്ടു. ടോൾപിരിവ് പുനഃരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ദേശീയ പാത അതോറിറ്റി നൽകിയ അപേക്ഷയിലാണ് ഹൈക്കോടതിയുടെ നിർദ്ദേശം. അപേക്ഷ വെള്ളിയാഴ്ച വീണ്ടും പരിഗണിക്കും.

✪✪✪

സംസ്ഥാനത്ത് കാലവർഷം പൊതുവെ ദുർബലമായി. ഒരു ജില്ലയിലും ഇന്ന് പ്രത്യേക ജാഗ്രതാ നിർദേശമില്ല. എന്നാൽ തീരമേഖലയിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കേരളത്തിലേയും ലക്ഷദ്വീപിലേയും തീരമേഖലയിൽ ഇന്ന് മീൻ പിടുത്തത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ഇന്ന് ലോക സെറിബ്രൽ പാൽസി ദിനം. സെറിബ്രൽ പാൽസി ബാധിച്ചവരുടെ അവകാശങ്ങൾ ഉറപ്പ് വരുത്താനും അവബോധം വളർത്താനുമാണ് ദിനാചരണം. "ഐക്യത്തോടെ, അതുല്യമായി" എന്നതാണ് ഈ വർഷത്തെ പ്രമേയം.

✪✪✪

പാലക്കാട് ജില്ലാ ആശുപത്രിയിലെ ദൗർഭാഗ്യകരമായ സംഭവത്തിൽ ഡോക്ടർമാരെ സസ്പെൻഡ് ചെയ്ത നടപടിയിൽ കേരളാ ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ പ്രതിഷേധം അറിയിച്ചു. ചികിത്സയിൽ സംഭവിക്കാവുന്ന അപൂർവ്വ സങ്കീർണതയെ ചികിത്സാ പിഴവായി കണ്ട് ഡോക്ടർമാരെ ബലിയാടാക്കാനാണ് ശ്രമമെന്ന് ഭാരവാഹികൾ തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

സ്വർണ്ണവിലയിൽ പവന് ഇന്ന് ആയിരം രൂപ വർദ്ധിച്ചു. 88,560 രൂപയാണ് പവൻ വില. 11,070 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

നശാമുക്ത് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് കുരുടിമുക്കിൽ ബോക്സിംഗ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചു. ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് ഉദ്ഘാടനം ചെയ്തു.

✪✪✪

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരു കുട്ടിയെ കൂടി കഴിഞ്ഞ ദിവസം കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മലപ്പുറത്തെ 6 വയസ്സുകാരിയാണ് ചികിൽസയിൽ കഴിയുന്നത്. നിലവിൽ 2 കുട്ടികളാണ് ചികിൽസയിൽ തുടരുന്നത്.

✪✪✪

കണ്ണൂർ കാൾടെക്സ് സിഗ്നൽ ജംഗ്ഷനിൽ വാഹന യാത്രക്കാരെ ശല്യം ചെയ്ത രാജസ്ഥാൻ സ്വദേശി ബോജ് രാജ് ബഗ്ദി ക്കെതിരെ ടൗൺ പൊലീസ് കേസ് എടുത്തു. സ്റ്റോപ്പ് സിഗ്നൽ തെളിയുന്ന സമയത്ത് നിർത്തിയ വാഹനങ്ങളുടെ ഗ്ലാസ്, ഉടമസ്ഥരുടെ അനുവാദമില്ലാതെ വൃത്തിയാക്കുകയും, വേണ്ടെന്ന് പറയുന്ന യാത്രക്കാരോട് മോശമായി പെരുമാറുകയും ചെയ്തതായി കണ്ടെത്തിയതിനാലാണ് നടപടി.

✪✪✪

തിരൂരങ്ങാടി താലൂക്കിലെ പരിമിതമായ കെട്ടിട സൗകര്യങ്ങളിൽ പ്രവർത്തിക്കുന്ന അഞ്ച് വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുമതിയായി. തെന്നല, തിരൂരങ്ങാടി, പറപ്പൂർ, ഊരകം, AR നഗർ എന്നിവിടങ്ങളിലാണ് സ്മാർട് വില്ലേജ് ഓഫീസുകൾ ഒരുക്കുന്നത്.

✪✪✪

---

.

*News Editor : പി ചന്ദ്രബാബു*
*News Reader: അനുഷ ആത്മപ്രകാശ്*
*NRTs: അനിൽ ചന്ദ്രൻ*
*DEO: ഷീബ*